പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 29** **12-10-2026-ൽ മറുപടിയ്ക്ക്**

**ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ പേഴ്സണൽ സ്റ്റാഫിൽ നിയമിക്കുന്നവരുടെ ആനുകൂല്യങ്ങൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എ. കെ. എം. അഷ്റഫ് ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** കെ.എസ്.ആർ.ടി.സി. ഉൾപ്പടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും സംസ്ഥാനത്തെ മന്ത്രിമാരുടേയും മറ്റും പേഴ്സണൽ സ്റ്റാഫിലും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനത്തിലേർപ്പെടുന്നയാളുടെ മാതൃസ്ഥാപനത്തിൽ നിന്നും റിലീവിംഗ് ഓർഡർ, നിബന്ധനകളും വ്യവസ്ഥകളും ഉൾപ്പടെയുള്ള എൽ.പി.സി. എന്നിവ ലഭ്യമായി കഴിഞ്ഞാൽ ആയതു പ്രകാരം ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നത് കൃത്യമായി ഉറപ്പുവരുത്തേണ്ട ചുമതല സെക്രട്ടേറിയറ്റിലെ ഏതു വിഭാഗത്തിനാണ്; വ്യക്തമാക്കാമോ;

**മറുപടി:** സംസ്ഥാനത്തെ മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനത്തിൽ ഏർപ്പെടുന്ന ജീവനക്കാരുടെ മാതൃ സ്ഥാപനത്തിൽ നിന്നുള്ള എൽ പി സി യും, പൊതുഭരണ (സർവ്വീസസ് എച്ച്) വകുപ്പിൽ നിന്നും ഉത്തരവാകുന്ന ഉപാധികളും നിബന്ധനകളും പ്രകാരവും ടി ജീവനക്കാർക്ക് പൊതുഭരണ (അക്കൗണ്ട്സ് - സി, എഫ്) എന്നീ വകുപ്പുകളിൽ നിന്നും നിലവിൽ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകി വരുന്നു.

**(ബി)** 08/04/2005 മുതൽ വിവിധ കാലയളവുകളിലായി കെ.എസ്.ആർ.ടി.സി. യിൽ നിന്നു പേഴ്സണൽ സ്റ്റാഫിൽ ചട്ടപ്രകാരം ഹാജരാക്കേണ്ട സർവ്വ രേഖകളും ഹാജരാക്കി അന്യത്രസേവനത്തിൽ ഏർപ്പെട്ട ഏതെങ്കിലും വ്യക്തിയുടെ നിയമനം ഏതെങ്കിലും കാലയളവിൽ ഓൺ ഡെപ്യൂട്ടേഷൻ ബേസിസ് എന്നതിന് പകരം ഡയറക്ട് റിക്രൂട്ട്മെന്റ് ആയി തെറ്റായി പോസ്റ്റിങ്ങ് മെമ്മോ നൽകി പി.എഫ്/പെൻഷൻ കോൺട്രിബ്യൂഷൻ തുക കൃത്യമായി ഒടുക്കുന്നതിൽ സെക്രട്ടേറിയറ്റിലെ ബന്ധപ്പെട്ട വകുപ്പിന് വീഴ്ച സംഭവിച്ചിരുന്നോ; വിശദ വിവരം നൽകുമോ; വീഴ്ച കണ്ടെത്തി പെൻഷൻ കോൺട്രിബ്യൂഷൻ പിന്നീട് ഒടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിരുന്നോ; വ്യക്തമാക്കാമോ;

**മറുപടി:** കെ.എസ്.ആർ.റ്റി.സി തിരുവനന്തപുരം സിറ്റി യൂണിറ്റിലെ കണ്ടക്ടർ ശ്രീ. എ.സുലൈമാൻ 08/04/2005 മുതൽ 26/05/2006 വരെയും 01/03/2007 മുതൽ 08/06/2016 വരെയും പേഴ്സണൽ സ്റ്റാഫിൽ സേവനമനുഷ്ഠിച്ചിരുന്നു. അതിൽ 08/04/2005 മുതൽ 09/01/2006 വരെയുള്ള കാലയളവിലെ നിയമന ഉത്തരവിൽ

ടിയാന്റെ നിയമനം നേരിട്ടുള്ള നിയമനമായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഡെപ്യൂട്ടേഷൻ നിയമനം ആയിട്ടല്ല നിയമന ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ഡെപ്യൂട്ടേഷൻ കാലം ക്രമീകരിച്ചത് സംബന്ധിച്ച് രേഖകളൊന്നും നാളിതുവരെ ലഭിച്ചിട്ടില്ല. ആയതിനാൽ മേൽ കാലയളവിൽ അനുവദിച്ച ശമ്പളത്തിൽ നിന്നും പി.എഫ് /പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കിയിട്ടില്ല. ശ്രീ. സുലൈമാൻ.എ പേഴ്സണൽ സ്റ്റാഫിൽ സേവനം അനുഷ്ഠിച്ചിരുന്ന 10/01/2006 മുതൽ 08/06/2016 വരെയുള്ള കാലയളവിലെ പെൻഷൻ വിഹിതം കുടിശ്ശികയായ 20182/- രൂപ കേരള സ്റ്റേറ്റ് റോഡ് ട്രാൻപോർട്ട് കോർപ്പറേഷന് നൽകിയിട്ടുണ്ട്. കെ എസ് ആർ ടി സി കണ്ടക്ടർ ആയ ശ്രീ സുലൈമാൻ. എ മുൻ പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിൽ ജോലിയിൽ പ്രവേശിച്ച 08/04/2005 മുതൽ 9/01/2016 വരെയുള്ള സേവനകാലയളവ് അന്യത്ര സേവന കാലയളവ് ആയി ക്രമീകരിച്ച് നൽകിയിട്ടുണ്ടോ എന്നത് സംബന്ധിച്ചും റഗുലർ സർവ്വീസിലേയ്ക്ക് ആഗിരണം ചെയ്തിരിക്കുന്ന തീയതി സംബന്ധിച്ചും വ്യക്തത വരുത്തി കെ.എസ്.ആർ.ടി.സിയിൽ നിന്ന് റിപ്പോർട്ട് തേടിയിരിക്കുകയാണ്. മേൽ കാലയളവിലെ പെൻഷൻ വിഹിതം അനുവദിക്കുന്നത് സംബന്ധിച്ച് കെ.എസ്.ആർ.ടി.സി യുടെ റിപ്പോർട്ട് പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

**(സി)** സെക്രട്ടേറിയറ്റിലെ ജി.എ .ഡി .(അക്കൗണ്ട്സ് ) വിഭാഗം ഏതെങ്കിലും കാലയളവിൽ സുലൈമാൻ എ. എന്ന പേഴ്സണൽ സ്റ്റാഫ് അംഗവുമായി ബന്ധപ്പെട്ട് കെ.എസ്.ആർ.ടി.സി. യ്ക്ക് നൽകേണ്ട പി.എഫ്. തുകയ്ക്ക് ഡി.ഡി. എടുക്കുകയും പിന്നീട് അത് ക്യാൻസൽ ചെയ്യുകയും ചെയ്തിരുന്നതായി പ്രസ്തുത വിഭാഗത്തിലെ രജിസ്റ്ററിൽ രേഖപ്പെടുത്തൽ ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ; അതിന്റെ വിശദ വിവരങ്ങൾ നൽകുമോ;

__മറുപടി:__ ഉണ്ട്. 2012-2013 കാലയളവിലെ പേ ബിൽ രജിസ്റ്റർ പരിശോധിച്ചതിൽ പി എഫ് തുക ഒടുക്കുന്നതിനായി എടുത്ത ഡി ഡി ക്യാൻസൽ ചെയ്തതായി രേഖപ്പെടുത്തിയിക്കുന്നതായി കാണുന്നു. പി ബി ആറിലെ ശ്രീ.സുലൈമാന്റെ ശമ്പള വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്ന ബന്ധപ്പെട്ട പേജ് പരിശോധിച്ചതിൽ deductions ഒന്നും ഈടാക്കിയതായി കാണുന്നില്ല. മൊത്തം ശമ്പളം തന്നെ ടിയാന് നൽകിയിരിക്കുന്നതായി കാണുന്നു.

**(ഡി)** നാളിതുവരെ ഇത്തരത്തിൽ പേഴ്സണൽ സ്റ്റാഫ് സേവനത്തിന് അന്യത്രസേവനവ്യവസ്ഥയിൽ സേവനത്തിനെത്തുന്ന മറ്റ് ആരുടെയെങ്കിലും പി.എഫ്. തുക കൃത്യസമയത്തു തന്നെ ഒടുക്കുന്നതിൽ വീഴ്ച ഉണ്ടായതായി കണ്ടെത്തിയിരുന്നോ; അത്തരം സാഹചര്യങ്ങളിൽ തുക പിന്നീട് കുടിശ്ശികയായി ഒടുക്കിയിട്ടുണ്ടായിരുന്നോ;

__മറുപടി:__ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**(ഇ)** ഈ രീതിയിൽ 08/04/2005 മുതൽ വിവിധ വകുപ്പ് മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ സേവനമനുഷ്ഠിച്ച കാലയളവിലെ ടിയാന്റെ പി.എഫ്. തുക കൃത്യമായി നാളിതുവരെ അടയ്ക്കാത്തത്

ടിയാന്റെ പെൻഷൻ സമയം അടുത്തിരിക്കുന്ന ഈ സാഹചര്യത്തിലെങ്കിലും സത്വരം കെ.എസ്.ആർ.ടി.സി.യ്ക്ക് ഒടുക്കാൻ നിർദ്ദേശം നൽകുമോ?

**മറുപടി:** ശ്രീ. എ.സുലൈമാൻ 08/04/2005 മുതൽ 26/05/2006 വരെയും 01/03/2007 മുതൽ 08/06/2016 വരെയും പേഴ്സണൽ സ്റ്റാഫിൽ സേവനമനുഷ്ഠിച്ചിരുന്നു.ഇക്കാലയളവിൽ ടിയാന് പൊതുഭരണ (അക്കൌണ്ട്സ്) വകുപ്പിൽ നിന്നുമാണ് ശമ്പളം നൽകിയിരുന്നത്. പിബിആർ പരിശോധിച്ചതിൽ ടിയാന്റെ ശമ്പളത്തിൽ നിന്നും റിക്കവറി തുകകൾ ഈടാക്കാതെ മൊത്ത ശമ്പളം തന്നെ വ്യക്തിയ്ക്ക് നൽകിയിരിക്കുന്നതായി കാണുന്നു. മൊത്ത ശമ്പളം കൈപറ്റിയിരിക്കുന്ന സാഹചര്യത്തിൽ കെ എസ് ആർ റ്റി സി യ്ക്ക് പി എഫ് തുക അടവാക്കേണ്ടുന്ന ബാദ്ധ്യതയില്ല. ആയതിനാൽ ടി തുക അടവാക്കുന്നതിന് പ്രസ്തുത സ്ഥാപനത്തിന് നിർദ്ദേശം നൽകുവാൻ കഴിയുകയില്ല.

**സെക്ഷൻ ഓഫീസർ**